# കെ. ബാലകൃഷ്ണനും കൗമുദി വാരികയും

## ഒരു കാലഘട്ടത്തിലെ സംസ്കാരത്തെയാകെ സ്വാധീനിച്ച പത്രാധിപർ കെ. ബാലകൃഷ്ണനെയും കൗമുദി വാരികയെയും കുറിച്ചുള്ള സ്മരണകൾ

■ പന്മന രാമചന്ദ്രൻനായർ

കെ. ബാലകൃഷ്ണൻ ആർ.എസ്.പി. എന്ന ചെറിയ രാഷ്ട്രീയകകഷിയെ പ്രതിനിധാനം ചെയ്തിരുന്ന നേതാവാണ്. വലിയ വിപ്ലവകാരിയും പില്ക്കാലത്തു കേരള മുഖ്യമന്ത്രിയുമായിരുന്ന പിതാവ് സി. കേശവനെപ്പോലും ചില പരീക്ഷണ ഘട്ടങ്ങളിൽ ധിക്കരിക്കാൻ ധൈര്യപ്പെട്ട കെ. ബാലകൃഷ്ണൻ യുവത്വത്തിന്റെ അസാധാരണമായ ഒരുജ്ജ്വലമാതൃകയാണ്. അദ്ദേഹം നിയമസഭാംഗമായിരുന്നു; ലോക്സഭാംഗമായിരുന്നു. എന്നാൽ യഥാർത്ഥസംസ്കാരപ്രേമികളായ യുവാക്കളെ ഒന്നടങ്കം ആവേശഭരിതരാക്കിയ ഒരു സവിശേഷകാലഘട്ടത്തിന്റെ സ്രഷ്ടാവായ പത്രാധിപർ കെ. ബാലകൃഷ്ണനാണ് തികച്ചും അവിസ്മരണീയൻ.

തിരുവനന്തപുരത്തെ പേട്ടയിൽ നിന്ന് കെ. ബാലകൃഷ്ണന്റെ കൗമുദി വാരികയുടെ അവതാരം പല പുതുമകളോടെയായിരുന്നു. ആദ്യം പറയേണ്ടത് 'പത്രാധിപരോടു സംസാരിക്കുക' എന്ന പംക്തിയെപ്പറ്റിയാണ്. അന്ന് മറ്റേതെങ്കിലും മലയാളപ്രസിദ്ധീകരണത്തിൽ ഇങ്ങനെയൊരു പംക്തി ഉണ്ടായിരുന്നില്ല. സരസവും ഭാവനാസുരഭിലവുമായിരുന്നു മിക്ക ഉത്തരങ്ങളും. പെട്ടെന്ന് ഓർമ്മയിൽ വന്ന ഒരുദാഹരണം പറയാം: ശാന്താറാം സംവിധാനം ചെയ്തതും ഗോപീകൃഷ്ണൻ, സന്ധ്യ എന്നീ കഥക് നർത്തകർ മുഖ്യവേഷം അഭിനയിച്ചതും സംഗീത-നൃത്തപ്രധാനവുമായ ഒരു മനോഹര ഹിന്ദിചിത്രമാണ് 'ഝനക് ഝനക് പായൽ ബാജേ'. ചോദ്യം: 'ഝനക് ഝനക് പായൽ ബാജേ'-ഇതിന്റെ മലയാളം എന്താണ് ബാലേട്ടാ?

ഉത്തരം: 'കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി'.

'കേരളത്തിലെ ഏറ്റവും മികച്ച രാഷ്ട്രീയനിരീക്ഷകൻ ആര്?' എന്ന ചോദ്യത്തിൻെറ മറുപടി: 'കേരളകൗമുദിയിലെ എൻ രാമചന്ദ്രൻ.' ഇപ്പോൾ കേരളകൗമുദി ദിനപത്രത്തിന്റെ എഡിറ്റോറിയൽ അഡ്വൈസറായിരിക്കുന്ന എൻ. രാമചന്ദ്രൻ സാറിന്റെ പംക്തിയായിരുന്നു 'കഴിഞ്ഞയാഴ്ച'. കേരളത്തിലും ഭാരതത്തിലും സാർവദേശീയതലത്തിലും കഴിഞ്ഞയാഴ്ച നടന്ന പ്രധാനരാഷ്ട്രീയസംഭവങ്ങളെ വിമർശനബുദ്ധിയോടെയും ഗൗരവപൂർണ്ണമായും വിശകലനം ചെയ്തവതരിപ്പിക്കുന്ന ഒരു സുപ്രധാനപംക്തിയായിരുന്നു അത്. കെ. കാർത്തികേയൻ സാറിന്റെ 'കിറുക്കുകൾ' എന്ന പംക്തി വളരെ രസകരമായിരുന്നു. ഏതുവിഷയത്തെയും ആകർഷകമാക്കാൻ അദ്ദേഹത്തിന്റെ നിരീക്ഷണത്തിനും അവതരണരീതിക്കും കഴിഞ്ഞിരുന്നു. ഏറ്റവും ശ്രദ്ധേയവും ചർച്ചായോഗ്യവുമായിരുന്ന പംക്തി പത്രാധിപരുടെ മുഖപ്രസംഗം തന്നെയാണ്. റഷ്യയിൽ 'ബറിയ'യുടെ വധം നടന്നപ്പോൾ പത്രാധിപരെഴുതിയ മൂന്നു മുഴുപ്പേജുള്ള മുഖപ്രസംഗമാണ് പെട്ടെന്നോർമ്മിക്കുന്നത്. ഞാനതു മൂന്നു തവണ വായിച്ചതായിട്ടാണോർമ്മ. ഓരോ മുഖപ്രസംഗവും സുന്ദരമായ കലാസൃഷ്ടി തന്നെ. സി.എൻ. ശ്രീകണ്ഠൻനായരായിരുന്നു വാരികയുടെ സഹപത്രാധിപർ.

കൗമുദിവാരിക എല്ലാവർഷവും ഓണം വിശേഷാൽപ്രതി പ്രസിദ്ധീകരിച്ചിരുന്നു. ഓരോന്നും അതുവരെ പ്രസിദ്ധീകരിച്ചവയിൽനിന്നെല്ലാം വ്യത്യസ്തമായിരിക്കാൻ പത്രാധിപരും സഹായികളും ശ്രദ്ധിച്ചു. വളരെ നേരത്തേ പത്രാധിപരും ചില സുഹൃത്തുക്കളും ചേർന്ന് കാറിൽ ഒരു ഉത്തരകേരളപര്യടനം നടത്തും. അതോടെ എല്ലാ പ്രമുഖ സാഹിത്യകാരന്മാരും സ്വന്തം രചനയുടെ തലക്കെട്ടെങ്കിലും നല്കിയിരിക്കും. ആർട്ടിസ്റ്റ് വി.എം. ബാലൻ സ്ഥിരം ചിത്രകാരനായിരുന്നു. പിന്നെ തുടരെ ആ തലക്കെട്ടുകൾ ഉപയോഗിച്ചുള്ള പരസ്യമാണ്. അതോടെ ഏജന്റുമാർ ആവശ്യമുള്ള കോപ്പി ബുക്കു ചെയ്യുന്നു.

പത്രാധിപരുടെ വ്യക്തിമഹത്ത്വമായിരുന്നു മുഖ്യമായ ആകർഷണം. ഞാൻ കൊല്ലം ശ്രീനാരായണ കോളജിൽ ഡിഗ്രി വിദ്യാർത്ഥിയായിരുന്ന കാലത്തെ ഒരു സംഭവം ഓർക്കുന്നു. കോളജ് യൂണിയൻ ഉദ്ഘാടനത്തിന് ആർ.എസ്.പി. നേതാവ് എൻ. ശ്രീകണ്ഠൻനായരുടെ പ്രഭാഷണം ഇംഗ്ലീഷിലായിരുന്നു. വളരെ മികച്ച പ്രസംഗം. കെ.ജെ. മാത്യു തരകൻ അന്ന് അവിടെ എക്കണോമിക്സ് പ്രൊഫസ്സറാണ്. കെ. ബാലകൃഷ്ണൻ മധുര അമേരിക്കൻകോളജിൽ അദ്ദേഹത്തിന്റെ വിദ്യാർത്ഥിയായിരുന്നു. തരകൻ സാർ എക്കണോമിക്സ് അസോസിയേഷന്റെ ഉദ്ഘാടനത്തിന് കെ. ബാലകൃഷ്ണനെ ക്ഷണിച്ചു. സമ്മേളനമാരംഭിച്ചു. പത്രാധിപർ ഭാരവാഹികളായ കുട്ടികളോടു ചോദിച്ചു: "പ്രസംഗം മലയാളത്തിലോ ഇംഗ്ലീഷിലോ?" "ഇംഗ്ലീഷിൽ". അവർ മനഃപൂർവം പറഞ്ഞതാണ്, ഒരു താരതമ്യത്തിനുവേണ്ടി. ഒരു മണിക്കൂർ അതിഗംഭീരപ്രസംഗം. "ഇതുതന്നെയാണ് അധികം മികച്ചതെ"ന്ന് രണ്ടും കേട്ടവരെല്ലാം പറഞ്ഞു.


കെ. ബാലകൃഷ്ണൻ

ഇറങ്ങുന്ന ആഴ്ചയിൽത്തന്നെ എല്ലാ പ്രതിയും വിറ്റുതീരുന്നു.

ഒരു തവണ വിശേഷാൽപ്രതിയിലെ കഥകളെല്ലാം, എഴുതിയ ആളിന്റെ പേർ ചേർക്കാതെ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ഇക്കാര്യം കഥാകൃത്തുക്കളെ മുൻകൂട്ടി അറിയിക്കുകയും ചെയ്തു. അത്തവണ പതിനെട്ടുകഥകളുണ്ടായിരുന്നു. വിശേഷാൽപ്രതിയിൽ ഇതു സംബന്ധിച്ച് മൂന്നു സമ്മാനവും പ്രഖ്യാപിച്ചു. ഓരോ കഥയും എഴുതിയതാരെന്ന് വായനക്കാർ എഴുതി അയയ്ക്കണം. ഏറ്റവും കൂടുതൽ കഥാകൃത്തുക്കളുടെ പേർ ശരിയാക്കുന്നവർക്ക് യഥാക്രമം സമ്മാനം. മറ്റൊരിക്കൽ വിശേഷാൽപ്രതി ഇറങ്ങി രണ്ടാഴ്ച കഴിഞ്ഞപ്പോൾ വാരികയിൽ ഇങ്ങനെയൊരു പരസ്യം വന്നു; 'ഇത്തവണത്തെ കൗമുദി ഓണം വിശേഷാൽപ്രതി അയച്ചുതന്നാൽ മുഴുവൻ വിലയും നൽകുന്നതാണ്'. കുറെപ്പേർ അയച്ചു. അവർക്കെല്ലാം വില നല്കുകയും ചെയ്തു.

മറ്റുപല വാരികകളിലും കഥയും കവിതയും എഴുതുന്നവരായാലും കൗമുദിയിൽ എഴുതാനായിരുന്നു താല്പര്യം കൂടുതൽ. കെടാമംഗലം പപ്പുക്കുട്ടി, തിരുനല്ലൂർ, ഒ.എൻ.വി, വയലാർ തുടങ്ങിയ കവികൾ കൗമുദിയിൽക്കൂടിയാണ് പ്രസിദ്ധിനേടിയത്. ഞാനും ഒരു 'കൗമുദിക്കവി'യായിരുന്നു. ഒരു സമാഹാരവും പ്രസിദ്ധീകരിക്കാഞ്ഞതുകൊണ്ട് കവിയായറിയപ്പെട്ടില്ല.

## പത്രാധിപരുടെ എഴുത്തുരീതി

പത്രാധിപരുടെ എഴുത്തുരീതിക്ക് ഒരുദാഹരണം സ്വാനുഭവത്തിൽ നിന്നുതന്നെ പറയാം: 'കൗമുദി'യിൽ വന്ന 'കള്ളിച്ചെല്ലമ്മ' കൗമുദി പബ്ലിക്കേഷൻസ് പുസ്തകമാക്കാൻ തീരുമാനിച്ചു. ഇന്ദിരാ പ്രിന്റിങ് വർക്സിൽ അച്ചടി തീർന്നു. ഒരു ദിവസം വിവേകാനന്ദൻ ചേട്ടൻ പറഞ്ഞു: "ഇന്നു രാത്രി ഒൻപതു മണിക്ക് നമുക്കു കൗമുദി ഓഫീസിലെത്തണം. പത്രാധിപർ അവതാരിക എഴുതിത്തരാമെന്നു പറഞ്ഞിരിക്കുന്നു". ഞങ്ങൾ എട്ടരയ്ക്കേ എത്തി. വൈകാതെ സുഹൃത്സംഘാംഗങ്ങൾ പിരിഞ്ഞു. ഞങ്ങൾ മാത്രം. മുറുക്കാനും ഫ്ളാസ്കിൽ ചായയും എത്തിക്കഴിഞ്ഞു. മേശപ്പുറത്ത് ന്യൂസ്പ്രിൻറ് ചെറിയ ഷീറ്റാക്കിയതിൻെറ അട്ടിയും ഉണ്ട്. ചായകുടിയും മുറുക്കും കഴിഞ്ഞു.

ഞങ്ങളെ ഒന്നു നോക്കിയിട്ടു പറഞ്ഞു: "എന്നാൽ, ചെല്ലമ്മയെ അവതരിപ്പിക്കാം. എന്താ?" എഴുതിത്തുടങ്ങി: പേജിൽ, അകറ്റിയെഴുതിയ ഏഴെട്ടു വരിയേ ഉള്ളൂ. ഗ്രന്ഥകർത്താവു മിണ്ടാതെ ഓരോ ഷീറ്റും മാറ്റി അടുക്കി

ക്കൊണ്ടുനിന്നു. പത്തുനാല്പതു ഷീറ്റു കഴിഞ്ഞപ്പോൾ, ഇടതുവശത്തിരുന്ന ചെറിയ കോളാമ്പിയിലേക്കു വായൊഴിച്ചു. അല്പം ചായ, മുറുക്ക്, വീണ്ടും എഴുത്ത്, തീരും വരെ. തീർന്നു.

''ഉം! വായിക്ക്''.

ഗ്രന്ഥകർത്താവ് വായിച്ചു തീർന്നപ്പോൾ,

''എന്താ മതിയല്ലോ?'' ഇനി നിങ്ങളും അല്പം ചായ കുടിക്ക്. എനിക്കിനി വേണ്ടാ.

അൻപത്തിമൂന്നുകൊല്ലം മുൻപെഴുതിയ ആ അവതാരിക ഒരു മാസം മുൻപും ഞാൻ വായിച്ചു. 'സകലതലസ്പർശി' എന്നു വിശേഷിപ്പിക്കാം. എത്ര മനോഹരം! ഒറ്റ വാക്ക് മാറ്റാനില്ല.

കരുനാഗപ്പള്ളിയിലെ എന്റെ ജ്യേഷ്ഠസുഹൃത്ത് കുറ്റിക്കാട്ടിൽ നാരായണപിള്ള ഒരു വൈകുന്നേരം ആറു മണിക്ക് കൗമുദിയിലേക്കു വന്നു. ആർ.എസ്. പിക്കാരനും സാഹിത്യരസികനും പത്രാധിപരുടെ ഉറ്റ സുഹൃത്തുമാണ്. സി.എൻ.ന്റെയും ജി. വിവേകാനന്ദന്റെയുമൊക്കെ സുഹൃത്ത്. കുറ്റിക്കാടന്റെ 'മുഖമുദ്ര'യായ ഉണ്ടക്കണ്ണും അറ്റം കൂർത്ത കപ്പടാമീശയും പോലെതന്നെ അസാധാരണമായ ചിരിയും ഞങ്ങളുടെ നാട്ടിൽ പ്രസിദ്ധമാണ്. കുറ്റിക്കാടൻ വരുമ്പോൾ ഓഫീസിൽനിന്ന് പത്രാധിപരും സഹപത്രാധിപർ സി.എൻ–ഉം ഉച്ചതിരിഞ്ഞു പലപ്പോഴായിട്ട് അവിടെ വന്നെത്തിയ ഏതാനും 'ഉപഗ്രഹ'ങ്ങളും പുറത്തേക്കിറങ്ങുകയാണ്. കെ.എസ്. കൃഷ്ണൻ, അടൂർ ഭാസി, ജി. വിവേകാനന്ദൻ, ഞാൻ. ഒന്നുരണ്ടു മിനിട്ടുനേരത്തേക്ക് നവാഗതനെപ്പറ്റിയുള്ള പത്രാധിപരുടെ സ്നേഹനിർഭരമായ തമാശകൾ ഉയർന്നു. എല്ലാവരും രസിച്ചു, ചിരിച്ചു. അതിന്റെ ഒരു ഘട്ടത്തിൽ കുറ്റിക്കാടൻ ആഹ്ലാദത്തോടെ സ്വതസ്സിദ്ധമായ ആ നീണ്ടചിരി അങ്ങു ചിരിച്ചു. ഇത് അടൂർ ഭാസിക്ക് അത്ര സുഖിച്ചില്ല! 'ഇവനാരെടാ?' എന്നൊരു ഭാവം. കാരണം, ചിരിയുടെ കാര്യത്തിൽ ഭാസിക്കുള്ള അസാമാന്യമായ കഴിവ് തിരുവനന്തപുരത്ത് അദ്ദേഹത്തെ പരിചയമുള്ളവർക്കെല്ലാം നന്നായറിയാം. അന്ന് പി.കെ. വിക്രമൻ നായർക്കും ടി.ആർ. സുകുമാരൻ നായർക്കുമൊപ്പം തിരുവനന്തപുരം വേദികളിൽ പങ്കെടുത്തിരുന്ന നാടകനടൻ മാത്രമാണദ്ദേഹം. ആ ചിരി പില്ക്കാലത്ത് സിനിമയിലൂടെ ഏവർക്കും പരിചിതമാണല്ലോ.

**''എടാ നീ കുടിക്കണ്ടാ...''**
**പെട്ടെന്നൊരു ശബ്ദം**
**പത്രാധിപരാണ്.**
**താനൊന്നൊഴിക്ക്,**
**അവന്റെ തലേക്കൂടെ.**
**ഞാനൊന്നു കാണട്ടെ.**
**തകഴി അറച്ചറച്ച്:**
**ഇല്ല–ബാലൻ പറഞ്ഞാ,**
**പിന്നെ ഞാനൊഴിക്കുന്നില്ല**

അദ്ദേഹം എന്തു ചെയ്തെന്നോ? കുറ്റിക്കാടന്റെ നീണ്ടചിരി ഏതാണ്ടൊന്നു സമാപിക്കുന്ന ഘട്ടമായപ്പോഴേക്ക് ഭാസി എന്തോ ഒന്നെടുക്കാനെന്നമട്ടിൽ ഒന്നു കുനിഞ്ഞു. അദ്ദേഹം പതുക്കെ നിവർന്നത്, പല നിലകളിൽ പൊട്ടുന്ന അമിട്ടുപോലെയുള്ള ഒരു 'മാലച്ചിരി'ക്കു തുടക്കമിട്ടുകൊണ്ടായിരുന്നു. ആ ചിരിപ്രകടനം കുറെനേരം നിന്നു. ഭാസിയുടെ മത്സരിച്ചുള്ള ഈ ആക്രമണം തീരെ പ്രതീക്ഷിക്കാത്തതുകൊണ്ട് ഒന്നാമൻ ആദ്യം ഒന്നു പകച്ചു. പക്ഷേ, അവസ്ഥയുടെ സ്വഭാവം വേഗം മനസ്സിലാക്കിക്കൊണ്ട് പൂർവാധികം മുഴക്കത്തോടുകൂടി സുദീർഘമായ ഒരു ചിരി അങ്ങാരംഭിച്ചു. ഒന്നാമന്റെ ഈ 'രണ്ടാം റൗണ്ടു' ചിരി തീരാൻ കാത്തുനില്ക്കാതെ ഭാസിയും തൻെറ പ്രകടനം വൈവിദ്ധ്യസമന്വിതം പുനരാരംഭിച്ചു. കുറെ നേരത്തേക്ക് രസകരവും അഭൂതപൂർവവുമായ ഒരു 'മത്സരക്കമ്പ'ത്തിന്റെ പ്രതീതി അവിടെ നിറഞ്ഞുനിന്നു. അകലെ നിന്നവരെല്ലാം അമ്പരപ്പോടെ അടുത്തേക്കുവന്നു. ഭാസിയുടെ ചിരിക്കുള്ള സവിശേഷത അതിനു പല 'നില'കളുണ്ട് എന്നതാണ്. എന്നാൽ മുഴക്കം കൂടുതൽ കുറ്റിക്കാടന്റെ ചിരിക്കായിരുന്നു. രണ്ടും രണ്ടുതരം. ഒന്നു മറ്റൊന്നിനെക്കാൾ മെച്ചം. രണ്ടുചിരിയും അങ്ങനെ സമാന്തരമായി പ്രവഹിച്ചുകൊണ്ടിരിക്കവെ, അതാ റഫറിയുടെ രംഗപ്രവേശം!

''നിറുത്തിനെടാ! മതി.'' പത്രാധിപരുടെ സന്തോഷപൂർവമുള്ള ശാസനയായിരുന്നു അത്. രണ്ടു ചിരിയും പെട്ടെന്നു നിന്നു. എല്ലാവരും ആഹ്ലാദം പൂണ്ടുനില്ക്കെ, അദ്ദേഹം മുന്നോട്ടാഞ്ഞ് രണ്ടുപേരുടെയും ഓരോ കൈത്തലം ചേർത്തുപിടിച്ചുയർത്തിക്കാണിച്ചുകൊണ്ടു പറഞ്ഞു: ''ഭേഷ്! രണ്ടുപേരും ജോടി!'' പിന്നെ നീണ്ടുനിന്ന കരഘോഷം!

## കാഞ്ചനസീത കോഴിക്കോട്ട്

കൊല്ലത്തെ കടപ്പാക്കട സ്പോർട്ട്സ് ക്ലബ്ബിന്റെ വാർഷികാഘോഷം വളരെ മികച്ച രീതിയിൽ നടന്നിരുന്നകാലം (1958–59). ഒരു ദിവസം ഉച്ചതിരിഞ്ഞ് കവിസമ്മേളനവും അതിനുശേഷം സാഹിത്യസമ്മേളനവും. കവിസമ്മേളനത്തിൽ ഞാനുമുണ്ടായിരുന്നു. അതുകഴിഞ്ഞുള്ള സാഹിത്യസമ്മേളനത്തിൽ തകഴിയും കെ. ബാലകൃഷ്ണനും മറ്റു ചിലരും പങ്കെടുത്തു. സമ്മേളനത്തിനുശേഷം അതിഥികൾക്ക് പട്ടത്തുവിള കരുണാകരന്റെ സഹോദരൻ പട്ടത്തുവിള ദാമോദരന്റെ സത്കാരം. ശുദ്ധമായ കള്ള്, മീൻ പലതരം, മറ്റുവിഭവങ്ങളും. തകഴി, പത്രാധിപർ, ഞാൻ, തലസ്ഥാനത്തുതന്നെയുള്ള രണ്ടു സാഹിത്യകാരന്മാർ. വിഭവാസ്വാദനത്തിനിടയിൽ രസകരമായ സംഭാഷണം, കവിതാലാപനം, ചെറിയ തർക്കങ്ങൾ. (സമ്മേളനങ്ങൾക്കുശേഷമുള്ള സത്കാരങ്ങളിലും മടക്കയാത്രകളിലും പത്രാധിപരുടെ ഇംഗ്ലീഷ്–മലയാളം കവിത ചൊല്ലലുകൾ പതിവാണ്). കുറെ കഴിഞ്ഞപ്പോൾ തകഴി എന്നോട്: ''എന്താടാ നീ മാത്രം വിശുദ്ധനായിട്ടിരിക്കുന്നത്? കപ്പേം മീനും തിന്നാനാണോ നീ വന്നത്? –(അല്പം കഴിഞ്ഞ് ഒരു ഗ്ലാസ്സിലെ കള്ള് എന്റെ മുന്നിലേക്കു നീക്കിവച്ചിട്ട്) കുടിയെടാ ഞാൻ എനിക്കു വേണ്ടാ എന്ന ഭാവത്തിൽ. അദ്ദേഹം ഗ്ലാസ്സ് നീട്ടിപ്പിടിച്ചുകൊണ്ട്: ''കുടിയെടാ– കുടിച്ചില്ലെങ്കിൽ ഞാനിപ്പം നിന്റെ തലേലൊഴിക്കും!'' ഞാനാകെ പരിഭ്രമിച്ചു. തകഴി അങ്ങനെ ചെയ്താൽ, ഞാൻ പോയി കുളിക്കുകയേ ഗതിയുള്ളൂ. മാറാൻ തുണിയുമില്ല. ''എടാ നീ കുടിക്കണ്ടാ.....'' പെട്ടെന്നൊരു ശബ്ദം പത്രാധിപരാണ്. താനൊന്നൊഴിക്ക്, അവന്റെ തലേക്കൂടെ. ഞാനൊന്നു കാണട്ടെ. തകഴി അറച്ചറച്ച്: ഇല്ല–ബാലൻ പറഞ്ഞാ, പിന്നെ ഞാനൊഴിക്കുന്നില്ല. വേണ്ടടാ; നീ കുടിക്കണ്ട. അങ്ങനെ പത്രാധിപർ എന്റെ രക്ഷകനായി.

മലബാർ കേന്ദ്രകലാസമിതിയുടെ 1958–ലെ കാവ്യോത്സവത്തിന് കൃഷ്ണപിള്ളസാർ ക്ഷണിക്കപ്പെട്ടപ്പോൾ അകമ്പടിയായി വിവേകാനന്ദൻ ചേട്ടനും



കുറ്റിക്കാട്ടിൽ നാരായണപിള്ള

ഞാനും പോയിരുന്നു. കോഴിക്കോട്ടെ അന്നത്തെ പ്രധാന ടൂറിസ്റ്റ് ഹോമായ ശാന്തഭവനിൽ താമസം. സാറിന്റെ പ്രഭാഷണം ആദ്യദിവസമായിരുന്നു. സാറിനെ മുൻപു കണ്ടിട്ടില്ലാത്ത ധാരാളം നാടകപ്രേമികൾ സമ്മേളനസ്ഥലത്തും താമസസ്ഥലത്തും വന്നു പരിചയപ്പെട്ടു. അടുത്ത ദിവസം തിരുവനന്തപുരം 'കലാവേദി' സി.എൻ. ശ്രീകണ്ഠൻ നായരുടെ 'കാഞ്ചനസീത' അവിടെ അവതരിപ്പിക്കുന്നുണ്ട്. അതിന് അഭിനേതാക്കളെല്ലാം തലേദിവസം സ്പെഷ്യൽ ബസ്സിൽ ശാന്തഭവനിൽ വന്നെത്തും. സി.എൻ-നെയും അഭിനേതാക്കളെയും വിവേകാനന്ദൻ ചേട്ടനും ഞാനും മുറികളിൽ ചെന്നു കണ്ടു. മിക്കവരും അടുത്തു പരിചയമുള്ളവർ. പി. കെ. വിക്രമൻ നായർ (വാല്മീകി), ടി. ആർ. സുകുമാരൻ നായർ (ശ്രീരാമൻ), എൻ. രാജൻ (ഭരതൻ), പി. കെ. കൃഷ്ണൻ നായർ (ലക്ഷ്മണൻ), മാവേലിക്കര പൊന്നമ്മ (കൈകേയി). വിക്രമൻചേട്ടന്റെ അനുജൻ പി. കെ. വേണുക്കുട്ടൻ നായർ അന്ന് പ്രധാന പ്രോംറ്ററായിരുന്നു.

നാടകം തുടങ്ങി. ആദ്യരംഗം കണ്ടപ്പോൾത്തന്നെ കാണികൾ അത്യാഹ്ലാദഭരിതരായി. കർട്ടൻ താഴ്ത്തിയ ഉടൻ കെ.പി. കേശവമേനോനെപ്പോലുള്ള മഹാവ്യക്തികൾ അണിയറയിൽവന്ന് 'വാല്മീകി'യെയും 'കൈകേയി'യെയും 'ശ്രീരാമനെ'യുമൊക്കെ ഹൃദയം നിറഞ്ഞ അഭിനന്ദനമറിയിച്ചു. അവസാനം അഭിനേതാക്കളെയും നാടകകൃത്തിനെയുമെല്ലാം വേദിയിലേക്കു ക്ഷണിക്കുകയും കെ.പി. കേശവമേനോനും മറ്റു ചില പ്രമുഖവ്യക്തികളും അഭിനന്ദിക്കുകയും ചെയ്തു.

### ഗ്രന്ഥകാരന്റെ സന്തോഷം

സി. നാരായണപിള്ള സാർ പത്രാധിപരായി തിരുവനന്തപുരത്തുനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'കേരളജനത' ദിനപത്രത്തിന്റെ വാരാന്ത്യപ്പതിപ്പിൽ 1959–60 കാലത്ത് ഞാൻ തുടരെ പുസ്തകാഭിപ്രായമെഴുതിയിരുന്നു. പാറപ്പുറത്തിന്റെ 'അന്വേഷിച്ചു കണ്ടെത്തിയില്ല' എന്ന നോവലിനെപ്പറ്റി വളരെ വിസ്തരിച്ചുള്ള ഒരു നിരൂപണം ഒരു സോദ്ദേശ്യ കലാസൃഷ്ടി എന്ന പേരിൽ എഴുതി. ഏകദേശം രണ്ടുമാസം കഴിഞ്ഞ് ഒരു ദിവസം വൈകുന്നേരം കെ. സുരേന്ദ്രൻസാറും പാറപ്പുറത്തുംകൂടി എന്റെ താമസസ്ഥലത്തു വന്നു. വന്നുകയറിയ ഉടൻ സുരേന്ദ്രൻസാർ എന്നെച്ചൂണ്ടി പാറപ്പുറത്തിനോടു പറഞ്ഞു: "ഇതാ നില്ക്കുന്നു, താങ്കൾ കാണാനാശിച്ച മഹാൻ. എൻെറ ധർമ്മദാരങ്ങളുടെ പ്രിയപ്പെട്ട ശിഷ്യൻ. ഇനി ഇരുന്നുകൊണ്ടു സംസാരിക്കാം" –വിവേകാനന്ദൻ ചേട്ടൻ. പാറപ്പുറത്തു ചോദിച്ചു: "ങേ! ശിഷ്യനോ? അതെങ്ങനെ?"

ഞാൻ: "രാജമ്മടീച്ചർ എന്നെ കരുനാഗപ്പള്ളി ഹൈസ്കൂളിൽ പഠിപ്പിച്ചിട്ടുണ്ട്. സുരേന്ദ്രൻ സാറിനെ അന്ന് എനിക്കറിയില്ലായിരുന്നു. അവിടെ അദ്ധ്യാപകനായിരുന്ന എന്റെ ബന്ധു കെ.പി. ശാസ്ത്രിസ്സാർ പില്ക്കാലത്തു പറഞ്ഞിട്ടുണ്ട്, ടീച്ചറെക്കാണാൻ സുരേന്ദ്രൻ സാർ സ്കൂളിൽ വരാറുണ്ടായിരുന്നു എന്ന്."

"പന്മനേ, അതൊക്കെ അന്നത്തെ രഹസ്യങ്ങളല്ലേ?" സുരേന്ദ്രൻ സാർ.

ഞാൻ: "ശരി സാർ. അല്ല, ഞാൻ മഹാനാണെന്നു പറഞ്ഞത്......?"

സുരേന്ദ്രൻ സാർ പറഞ്ഞു: "ഇനി അതുപറയാം."

താങ്കൾ 'കേരളജനത'യിലെഴുതിയ പുസ്തകനിരൂപണത്തിന്റെ കട്ടിങ്ങ് ഞാൻ പാറപ്പുറത്തെന്ന പട്ടാളക്കാരൻ 'കെ.ഇ. മത്തായി'ക്കയച്ചുകൊടുത്തിരുന്നു. അതദ്ദേഹത്തിനങ്ങിഷ്ടപ്പെട്ടു. അടുത്ത അവധിക്കു മാവേലിക്കരയിലേക്കു വരുമ്പോൾ ഞാൻ അങ്ങോട്ടു വരും. അദ്ദേഹത്തിനെ എനിക്കൊന്നു കാണണം എന്ന് എനിക്കെഴുതിയിരുന്നു. സംഗതി വ്യക്തമായല്ലോ.

പാറപ്പുറത്ത്: പന്മന സാറേ, എന്റെ ആദ്യത്തെ പ്രധാനസൃഷ്ടിയാണീ നോവൽ. ഒരു സോദ്ദേശ്യകലാസൃഷ്ടി എന്ന തലക്കെട്ടുതന്നെ വലിയ ബഹുമതിയാണെനിക്ക്. ഇത്രയും വിശദമായ ഒരു നിരൂപണം ഇതുവരെ ആരും എഴുതിയിട്ടില്ല. ഞാൻ പട്ടാളക്യാമ്പിൽ കഴിയുന്നവനുമല്ലേ? എന്റെ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. കുടുംബകാര്യങ്ങളും മറ്റും വിശദമായി സംസാരിച്ചതിനുശേഷമാണ് പാറപ്പുറത്ത് യാത്രയായത്.■